# MASTER PLAN

## DLPS Kadalimangalam

# PROFILE

Name of School : Kadalimangalam DLPS, VENPALA

Date of establishment :

Name of Village : Thiruvalla

Name of cluster :

Name of Punchayat : Kuttoor

Name of Block : Pulikkezhu.

Name of BRC : Thiruvalla

Name of District : Pathanamthitta

Name of Sub district : Thiruvalla

Name of HM : Bindu. T. Pillai

Mob Number : 9526781202

Senior Assistant : Sindhu. T. S

Email ID :

School Code : 37242

Name of Taluk : Thiruvalla

School Manager : T. R. Vijayan Pillai

Mob: Number : 9447114656

വിദ്യാഭ്യാസജില്ല : പത്തനംതിട്ട

റവന്യൂജില്ല : പത്തനംതിട്ട

ഉപജില്ല : തിരുവല്ല.

ഹെഡ്മിസ്ട്രസ് : ബിന്ദു.റ്റി.പിള്ള

മൊബൈൽ : 9526781202

## ആമുഖം

വെൺപാല എന്ന കൊച്ചുഗ്രാമത്തിൽ സാധാരണക്കാരുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഒരു സ്കൂൾ അത്യാവശ്യമാണെന്ന് മനസ്സിലാക്കി 'കദളിമംഗലം ദേവസ്വം എൽ.പി.സ്കൂൾ' 26-09-1983 ൽ പ്രവർത്തനമാരംഭിച്ചു. പണക്കാരുടെ മക്കൾക്ക് പഠിക്കുവാൻ ധാരാളം സ്കൂളുകൾ ഉണ്ടായിരുന്നു. എന്നാൽ ഭീമമായ ഫീസ് കൊടുത്ത് പഠിക്കാൻ പാവങ്ങളായ നാട്ടുകാർക്ക് കഴിയുമായിരുന്നില്ല. അങ്ങനെയൊരു സാഹചര്യത്തിലാണ് ഇങ്ങനൊരു സ്കൂളിനെപ്പറ്റി ചിന്തിച്ചത്. ദേവസ്വത്തിന്റെയും നാട്ടുകാരുടെയും സേവനമനഃസ്ഥിതിമൂലം വളരെ നല്ല രീതിയിൽ ഈ സ്ഥാപനം ഇന്നും പ്രവർത്തിക്കുന്നു.

ഒരു അധ്യയനവർഷത്തിന്റെ ഏകദേശം പകുതിയോടെ തുടങ്ങിയ ഈ വിദ്യാലയത്തിൽ ആ വർഷം കുട്ടികളെ കിട്ടാൻ ബുദ്ധിമുട്ടായിരുന്നു. എങ്കിലും ഇന്നാട്ടിലെ ജനങ്ങളുടെയും കടുളിമംഗലം ദേവസ്വത്തിന്റെയും സഹകരണത്തോടുകൂടി ഇരുപത്തിയഞ്ച് കുട്ടികളുമായി ഒന്നാം ക്ലാസോടുകൂടിയാണ് ഈ വിദ്യാലയം ആരംഭിച്ചത്.

26-09-1983 ൽ കെ. എൻ. കേശവപിള്ള എന്ന protected അധ്യാപകനെ നിയമിച്ചാണ് സ്കൂൾ ആരംഭിച്ചത്. അന്ന് ഓല ഷെഡ്ഡിൽ ആരംഭിച്ച സ്കൂൾ അധികം താമസിയാതെ ഇപ്പോൾ പ്രവർത്തിക്കുന്ന കെട്ടിടത്തിലായി. കടുളിമംഗലം ക്ഷേത്രത്തിന്റെ സമീപം തന്നെയാണ് ഈ സ്ക്കൂൾ.

വരുന്ന 5 വർഷക്കാലം കൊണ്ട് സ്കൂൾ നേടേണ്ട അക്കാദമികവും ഭൗതികവുമായ നേട്ടങ്ങൾ എന്തൊക്കെയായിരിക്കണമെന്ന് ആലോചിക്കാനായി ഒരു മീറ്റിങ് കൂടി. പി.ടി.എ, അധ്യാപകർ, സ്കൂൾ മാനേജർ സാമൂഹ്യരാഷ്ട്രീയ പ്രവർത്തകർ, വാർഡ് മെമ്പർ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്ത് വിദ്യാലയ വികസനസമിതി രൂപീകരിച്ചു.

# ലക്ഷ്യങ്ങൾ

- ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളുമായി ബന്ധപ്പെട്ട് നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
- ഓരോ കുട്ടിയിലുമുള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാനാവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുക
- കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കിക്കൊടുക്കുക
- ഐ.സി.ടി അധിഷ്ഠിത പഠനത്തിനാവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക തയ്യാറെടുപ്പുകളും ഉറപ്പാക്കുക.
- മുഴുവൻ ക്ലാസുകളിലും ഐ.സി.ടി. സാധ്യത ഉറപ്പുവരുത്തുക.
- പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠനതന്ത്രങ്ങളും ആവിഷ്കരിക്കുക
- പലതരം പഠനയാത്രകൾ, ശില്പശാലകൾ വിദഗ്ദ്ധരുടെ ക്ലാസുകൾ, പ്രൊജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠനതന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
- പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തിയെടുക്കുക.
- പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക.

- ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക. അതിന്റെ ദൂഷ്യ ഫലങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക
- ജൈവ വൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം എന്നിവ സംരക്ഷിക്കുക, കൂടുതൽ മെച്ചപ്പെടുത്തുക
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുന്നിലെത്തിക്കുക.
- സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
- കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക.
- മാലിന്യസംസ്കരണത്തിന് സാധ്യമായ വിവിധ മാർഗ്ഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.
- ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവുമാക്കുക.
- കുട്ടികളിലെ കായികക്ഷമത ഉറപ്പുവരുത്തുന്നതിനാവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.
- ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക.

# 2025-2026

| കുട്ടികളുടെ എണ്ണം | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ക്ലാസ് | ജനറൽ | | പട്ടിക ജാതി | | പട്ടിക വർഗ്ഗം | | ഒ.ഇ.സി | | ഒ.ബി.സി | | ആകെ | | സവിശേഷ സഹായം ആവശ്യമുള്ളവർ | |
| | ആ | പെ | ആ | പെ | ആ | പെ | ആ | പെ | ആ | പെ | ആ | പെ | ആ | പെ |
| 1 | 1 | 2 | | | | | | | | | 1 | 2 | | |
| 2 | | | | 1 | | | | | | | | 1 | | |
| 3 | 1 | 1 | 1 | | | | 2 (1 Muslim) | | | | 4 | 1 | 1 | |
| 4 | | | | 1 | | | 1 | | | 2 | 1 | 3 | | |

# അധ്യാപകർ 2025-2026

| പേര് | തസ്തിക | ജനന തീയതി | വിദ്യാഭ്യാസ യോഗ്യത | സർവ്വീസ് | സ്വദേശം | വിലാസം |
|---|---|---|---|---|---|---|
| ബിന്ദു. ജി. പിള്ള | HM | 31/05/1972 | MA, BEd | 29 വർഷം | വെൺപാല തിരുവല്ല | ബിന്ദു ഭവൻ വെൺപാല. പി.ഒ തിരുവല്ല. |
| സിന്ധു. റ്റി. ഷാജ് | LPST | 28/10/1977 | BA, TTC | 16 വർഷം | പാലിയേക്കര തിരുവല്ല. | ശിവാദ്യുതം പാലിയേക്കര തിരുവല്ല. പി.ഒ |
| സിന്ധു ചെറിയാൻ (Protected) | LPST | | Pre degree TTC | | | |
| കാവ്യ. എൽസ യോഹന്നാൻ | Daily wage | 13/12/1990 | BA D.El.Ed K TET | 3 വർഷം | പാലിയേക്കര തിരുവല്ല. | പെരുമ്പാലത്തിങ്കൽ ദീപം പാലിയേക്കര തിരുവല്ല. പി.ഒ. |
| | | | | | | |

# മറ്റ് സ്റ്റാഫുകൾ

| പേര് | ജോലി | ശമ്പളം നൽകുന്നത് |
|---|---|---|
| പ്രതിഭ മനു | Nursery Teacher | അധ്യാപകർ |
| മായാദേവി | Helper | മാനേജ്മെന്റ് |
| മഞ്ജുഘോഷ് മണിയൻ | പാചകം | ഗവൺമെന്റ് |
| | | |

ചെയർമാൻ : സ്കൂൾ മാനേജർ
ശ്രീ റ്റി. ആർ. വിജയൻപിള്ള

വൈസ് ചെയർമാൻ : പി.ടി.എ പ്രസിഡന്റ്
ശ്രീമതി. മഞ്ജു മോൾ

കൺവീനർ : HM ശ്രീമതി. ബിന്ദു. റ്റി. പിള്ള

അംഗങ്ങൾ : അധ്യാപകർ
ശ്രീമതി സിന്ധു. റ്റി. എസ്സ്
ശ്രീമതി സിന്ധു ചെറിയാൻ
ശ്രീമതി കാവ്യ എൽസ യോഹന്നാൻ
പൂർവ്വ വിദ്യാർത്ഥികൾ
പൂർവ്വാധ്യാപകർ

ചുമതലകൾ:

① സ്കൂളിന്റെ വികസന പദ്ധതിയ്ക്ക് രൂപം നൽകുക.

② ഓരോ പ്രായഘട്ടത്തിലും കുട്ടി നേടണമെന്ന് കരിക്കുലം വിഭാവന ചെയ്യുന്ന അക്കാദമിക ലക്ഷ്യങ്ങൾ മികവാർന്ന തലത്തിൽ നേടിയെന്നുറപ്പാക്കൽ.

③ കുട്ടികളുടെ സർവ്വതോന്മുഖമായ വികാസത്തിനു വേണ്ട പഠനാന്തരീക്ഷം ഒരുക്കുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക സാധ്യതകൾ പ്രയോജനപ്പെടുത്തൽ.

# പ്രശ്നങ്ങൾ / വെല്ലുവിളികൾ

## അക്കാദമികം

- മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠന നേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല.
- റിസോഴ്സ് അധ്യാപകരുടെ കുറവ്.
- ഭിന്ന നിലവാരക്കാരെ പരിഗണിച്ച് കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
- 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല.
- ശരിയായ കായികക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല.
- ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജ്ജിക്കാൻ കഴിയുന്നില്ല.
- പ്രാദേശിക വിഭവങ്ങളെ പരമാവധി പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.
- ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമാവുന്നില്ല.
- വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.
- കലാ-സാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാവുന്നില്ല.

## ഭൗതികം

- റിസോഴ്സ് റൂമുകളുടെ അഭാവം
- ക്ലാസ് ലൈബ്രറിയ്ക്ക് വിപുലമായ സൗകര്യമില്ല.

- പ്രഭാതഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിലെത്തുന്നു.
- ഭാഷാലാബ് പ്രവർത്തനക്ഷമമായിട്ടില്ല.
- വിദ്യാലയം ഒരു പാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല.

**സാമൂഹികം**

- വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യ പങ്കാളിത്തം ഉറപ്പാക്കുന്നില്ല.
- പൂർവ്വ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, സി.പി.ടി.എ, എന്നിവയുടെ സാധ്യത വേണ്ടവിധം കണ്ടെത്തി പ്രയോജനപ്പെടുത്തുന്നില്ല.
- പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല.
- കലാ സാംസ്കാരിക - കായിക പ്രവർത്തിപരിചയ പരിപാടികൾ രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല.

# പ്രവർത്തനങ്ങൾ

## മലയാളം

1. എഴുതാം തിളങ്ങാം
2. വളരുന്ന വായന

## English

1. Twinkling stars

## പരിസര പഠനം

1. കളിപ്പെട്ടി

## ഗണിതം

1. ഗണിതം രസകരം

---

1. പഠനോപകരണ ശില്പശാല
2. സചിത്ര സംയുക്ത ഡയറി (Class I & II)
3. രചനോത്സവം

# ഭാഷാ വികാസം

വിവിധ വിഷയങ്ങളുടെ പഠനത്തിന് അടിത്തറയായി വർത്തിക്കുന്നവയാണ് ഭാഷാ പരമായ ശേഷികൾ. നിത്യ ജീവിതത്തിൽ ഭാഷയുടെ വിവിധ നൈപുണികൾ സ്വായത്തമാക്കേണ്ടിയിരിക്കുന്നു. അർത്ഥ വ്യക്തതയോടെ ഭാഷ കൈകാര്യം ചെയ്യുന്നതിന് ചിഹ്നങ്ങൾക്ക് വളരെയധികം പ്രാധാന്യം ഉണ്ട്. ചിഹ്നങ്ങൾ ശരിയായ രീതിയിൽ ഉപയോഗിച്ചില്ലെങ്കിൽ ആശയം തന്നെ മാറിപ്പോകും.

വായന, ലേഖനം, ഗ്രൂപ്പ് പ്രവർത്തനങ്ങൾ തുടങ്ങിയ ക്ലാസ്റൂം പ്രവർത്തനങ്ങൾ ചെയ്യിച്ചപ്പോൾ കുറച്ച് കുട്ടികൾ പിന്നാക്കം നിൽക്കുന്നതായി മനസ്സിലായി. സൂക്ഷ്മ നിരീക്ഷണത്തിൽ നിന്ന് ചിഹ്നങ്ങൾ ശരിയായ രീതിയിൽ ഉപയോഗിക്കാൻ കഴിയാത്തതാണ് പ്രശ്നമെന്ന് മനസ്സിലായി. അതിനാൽ ഈ വർഷത്തെ മികവുപ്രവർത്തനമായി ഇത് തെരഞ്ഞെടുക്കാൻ തീരുമാനിച്ചു.

ആഭരണമണിയിക്കാം, ചിഹ്നമിടാത്ത പദങ്ങളുള്ള കാർഡിൽ ചിഹ്ന

ചേർക്കാം എന്നീ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ കടത്തിക്കൊണ്ടുപോയാൽ ചിഹ്നങ്ങളിൽ കുട്ടികൾ വരുത്തുന്ന തെറ്റുകൾ ഒരു പരിധി വരെ കുറയ്ക്കാം എന്നു കരുതുന്നു.

I ടീച്ചർ ചില സ്വരാക്ഷരങ്ങൾ എഴുതിയിട്ട് അതുമായി ബന്ധപ്പെട്ട ചിഹ്നങ്ങളും ചാർട്ടിൽ എഴുതുന്നു.
ഉദാ: (ആ - ാ, ഇ - ി, ഈ - ീ, ഉ - ു, ഊ - ൂ)
ആദ്യം സ്വരാക്ഷരങ്ങളും ഓരോ അക്ഷരവും സൂചിപ്പിക്കുന്ന ചിഹ്നവും ആ സ്വരാക്ഷരങ്ങൾ 'പ' എന്ന അക്ഷരത്തോടൊപ്പം ചേർന്നാലുള്ള രൂപഭേദവും കാണിക്കുന്ന കോപ്പികൾ വിതരണം ചെയ്യുന്നു. ആദ്യം ഒരക്ഷരവും അതിന്റെ ചിഹ്നവും ചാർട്ടിൽ എഴുതിയിടുന്നു. അവ ചേർന്നുവരുന്ന പദങ്ങൾ ആറോ നാലോ എണ്ണം പറയിക്കുന്നു. അതുപോലെ കുട്ടികളെക്കൊണ്ടും നിശ്ചിത സമയത്തിനുള്ളിൽ എഴുതിക്കുന്നു. അവ ചാർട്ട് ചെയ്യുന്നു.

II ചില ചിത്രങ്ങൾ പേപ്പറിലൊട്ടിച്ച് അവയുടെ നേരെ അവയുടെ പേര് ചിഹ്നം ചേർക്കാതെ എഴുതുന്നു. അവരെ തിരുത്തിയെഴുതാൻ ആവശ്യപ്പെടുന്നു.

വായിപ്പിക്കുന്നു, തെറ്റിച്ചവ തിരുത്തിയെ
ഴുതിക്കുന്നു.

III ചെറിയ കോളങ്ങളുൾപ്പെടുന്ന വലിയ
ഒരു കോളം വരച്ചിട്ട് അതിനുള്ളിൽ
പല അക്ഷരങ്ങൾ എഴുതുന്നു. ചെറിയ
കോളത്തിൽ അടയാളങ്ങളുണ്ടാക്കുന്ന
ചിഹ്നങ്ങളും നൽകുന്നു. കോളത്തിനു
ള്ളിലുള്ള അക്ഷരങ്ങളെ അടയാള
ങ്ങിയിച്ച് നിശ്ചിത സമയത്തിനുള്ളിൽ
പരമാവധി പദങ്ങൾ ഉണ്ടാക്കുക.
പിന്നീട് ഗ്രൂപ്പായി പദങ്ങൾ ചെയർ
ചെയ്ത് പട്ടിക വലുതാക്കുന്നു. പിന്നീട്
ടീച്ചറിന്റെ സഹായത്തോടെ കൂടുതൽ
പദങ്ങൾ കണ്ടെത്തിയെഴുതുന്നു. വായി
ക്കുന്നു. ആ പദങ്ങൾ ചേർത്ത്
വാചകങ്ങൾ ഉണ്ടാക്കിയെഴുതിക്കുന്നു.
വായിപ്പിക്കുന്നു.

## അക്കാദമിക പ്രവർത്തനങ്ങൾ -

**I) ഭാഷ :-**

ലക്ഷ്യം - ഭാഷയിലെ എല്ലാ വ്യവഹാര രൂപങ്ങളിലും എല്ലാ കുട്ടികളുടെയും വിനിമയശേഷി വർദ്ധിപ്പിക്കുകയും പ്രത്യേക താത്പര്യമുള്ള മേഖല കണ്ടെത്തി നൈപുണി വളർത്തുകയും പ്രതിഭകളെ സൃഷ്ടിക്കുകയും ചെയ്യുക.

ക്ലാസ് 1 -

പഠനനേട്ടങ്ങൾ

- കഥകൾ, കവിതകൾ എന്നിവ കേട്ട് ആസ്വദിക്കുന്നു.
- കഥാപാത്രങ്ങൾ, സംഭവങ്ങൾ എന്നിവ അടങ്ങിയ ചിത്രങ്ങൾ വായിക്കുന്നു; കണ്ടെത്തിയ കാര്യങ്ങൾ വാചികമായി അവതരിപ്പിക്കുന്നു.
- കഥയുടെ തുടർന്നുള്ള ഭാഗങ്ങൾ ഭാവനയോടെ അവതരിപ്പിക്കുന്നു. (ചിത്രം നോക്കി കഥ പറയൽ, കേട്ട കഥയുടെ ബാക്കി പൂർത്തിയാക്കൽ.)
- ആശയങ്ങൾ തിരിച്ചറിഞ്ഞ് ഉച്ചാരണശുദ്ധിയോടെ പദങ്ങൾ, വാക്യങ്ങൾ വായിക്കൽ.
- ആശയം ക്രമപ്പെടുത്തി വാചികമായി വിവരിക്കൽ, എഴുതൽ.
- സ്വയം എഴുതിയ വാക്കുകൾ കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യൽ.

പ്രക്രിയ :-

SRG യോഗം - മെയ് അവസാനം

Pre test - വിഷയബന്ധിതം - ജൂൺ ആദ്യം

Pre test ഉത്തരക്കടലാസുകൾ വിശകലനം ചെയ്യുന്നു. കുട്ടികളുടെ നിലവാരം കണ്ടെത്തുന്നു. (ജൂൺ രണ്ടാം വാരം). പഠന പിന്നോക്കക്കാരെയും പ്രതിഭകളെയും കണ്ടെത്തുന്നു.

വിവിധ നിലവാരത്തിലുള്ള കുട്ടികളുടങ്ങുന്ന ഗ്രൂപ്പുകളാക്കുന്നു. ചിത്രങ്ങളുടങ്ങിയ കഥാപുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. വായിച്ചതിനുശേഷം (ആദ്യമൊക്കെ അധ്യാപികയുടെ സഹായത്തോടെ) അതിലെ കഥാപാത്രങ്ങളുടെ പേര്, കഥയിൽ നിന്ന് മനസ്സിലാക്കിയത് ഗുണപാഠം എന്നിവ ലിസ്റ്റ് ചെയ്യുന്നു. അധ്യാപിക നിർദേശിക്കുന്ന പദങ്ങൾ നിശ്ചിത പേജിൽ നിന്ന് കണ്ടെത്തുക, വാക്കുകൾ കേട്ടെഴുതുക, എഴുതിയവ വായിക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ ഉദ്ദേശിച്ച ലക്ഷ്യത്തിൽ എത്തിച്ചേരുന്നു. അധ്യാപിക നിർദേശിക്കുന്ന അക്ഷരം ചേർന്ന് വരുന്ന പദങ്ങൾ കണ്ടെത്തുന്നു. അവ കമ്പ്യൂട്ടറിൽ മലയാളത്തിൽ ടൈപ്പ് ചെയ്യുന്നു.

ക്ലാസ് : 2

പഠനനേട്ടങ്ങൾ:

- അക്ഷരങ്ങളുടെ ശരിയായ ഉച്ചാരണം തിരിച്ചറിഞ്ഞ് ഉറക്കെ വായിക്കുന്നു; പദങ്ങളും വാക്യങ്ങളും പറയാനും എഴുതാനും കഴിയുന്നു.
- കഥയുടെ തുടർച്ച, കഥാംശം ചോർന്നുപോകാതെ പറയുകയും എഴുതുകയും ചെയ്യുന്നു.
- വായനാ സാമഗ്രികൾ വായിച്ച് ആശയം ചുരുക്കി പറയുന്നു.
- സ്വന്തം ആശയങ്ങൾ വാക്യഘടന പാലിച്ച് ലഘുവാക്യങ്ങളിൽ എഴുതുന്നു.
- സ്വയം നിർമ്മിച്ച ചെറുവാക്യങ്ങൾ കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുന്നു.

പ്രക്രിയ:

SRG യോഗം - മെയ് അവസാനം

Pre test - വിഷയബന്ധിതം - ജൂൺ ആദ്യം.

Pre-test ഉത്തരക്കടലാസുകൾ വിശകലനം ചെയ്യുന്നു. കുട്ടികളുടെ നിലവാരം കണ്ടെത്തുന്നു. (ജൂൺ രണ്ടാം വാരം) പഠന പിന്നോക്കക്കാരെയും പ്രതിഭകളെയും കണ്ടെത്തുന്നു.

വിവിധ നിലവാരത്തിലുള്ള കുട്ടികളുടങ്ങുന്ന ഗ്രൂപ്പുകളാക്കുന്നു. ചിത്രങ്ങളുടങ്ങിയ കഥാപുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. വായിച്ചതിനുശേഷം കഥാസംഗ്രഹം പറയുന്നു; (ആദ്യമൊക്കെ അധ്യാപികയുടെ സഹായത്തോടെ) സംഗ്രഹം എഴുതുന്നു. സ്വന്തമായി എഴുതിയ ചെറുവാക്യങ്ങൾ കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുന്നു.

ക്ലാസ് 3.

പഠനനേട്ടങ്ങൾ:-

കഥയെഴുതി അവതരിപ്പിക്കൽ

- തലക്കെട്ട് നൽകൽ
- ആശയ വ്യക്തതയോടെയും ഉച്ചാരണ ശുദ്ധിയോടെയും ഉള്ള വായന, സംഭാഷണം രചിക്കൽ.

- സ്വന്തമായി നിർമ്മിച്ച സംഭാഷണങ്ങൾ കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുന്നു.

പ്രക്രിയ:-

SRG യോഗം - മെയ് അവസാനം

Pre test - വിഷയബന്ധിതം - ജൂൺ ആദ്യം

Pretest ഉത്തരക്കടലാസുകൾ വിശകലനം ചെയ്തു കുട്ടികളുടെ നിലവാരം കണ്ടെത്തുന്നു. (ജൂൺ 2-ാം വാരം.)

വിവിധ നിലവാരത്തിലുള്ള കുട്ടികൾ ഉൾപ്പെടുന്ന ഗ്രൂപ്പുകളാക്കുന്നു. കഥാപുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. കഥാസംഗ്രഹം പറയുന്നു. അതിലെ കഥാപാത്രങ്ങൾ തമ്മിൽ നടക്കാനിടയുള്ള സംഭാഷണം എഴുതുന്നു. ഉചിതമായ തലക്കെട്ട് നൽകുന്നു. ടീച്ചർ തിരുത്തിയ ശേഷം സംഭാഷണം കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുന്നു.

ക്ലാസ് : 4

പഠനനേട്ടം

- നിരവധി സാഹിത്യരചനകൾ പരിചയപ്പെടുന്നു.
- കഥ വായിച്ച് ആശയം, പ്രയോഗവിശേഷങ്ങൾ, ആഖ്യാനരീതി എന്നിവ വിശകലനം ചെയ്യുന്നു.
- ഉച്ചാരണ ശുദ്ധിയോടെ വായിക്കുന്നു.
- വ്യവഹാരരൂപങ്ങൾ തെറ്റുകൂടാതെ എഴുതുന്നു.
- ആസ്വാദനക്കുറിപ്പ് സ്വയം തയ്യാറാക്കുന്നു.
- പുതിയ പദങ്ങൾ, പ്രയോഗങ്ങൾ, ചൊല്ലുകൾ, ശൈലികൾ എന്നിവ ഉൾപ്പെടുത്തി രചനകൾ നടത്തുന്നു.
- ടീച്ചർ നൽകിയ വിഷയത്തെ ആസ്പദമാക്കി സ്വന്തമായി കഥ രചിച്ച്, തലക്കെട്ട് നൽകി കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുന്നു.

മേൽ വിവരിച്ച അക്കാദമിക പ്രവർത്തനങ്ങൾ പ്രാബല്യത്തിൽ വരുത്തുന്നതിന് ഒരു കമ്പ്യൂട്ടർ ലാബ് നിർബന്ധമായും വേണം. നിലവിലുള്ള കമ്പ്യൂട്ടർ പ്രവർത്തന രഹിതമാണ്. ഒരു സ്മാർട്ട് ക്ലാസ്റൂം, നാല് ലാപ്ടോപ്പ് എന്നിവ രണ്ടുവർഷത്തിനിടയിൽ നേടണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. ഈ പദ്ധതിയുടെ പ്രാരംഭ ഘട്ടത്തിൽ അതിലൊരെണ്ണമെങ്കിലും ഉണ്ടാവേണ്ടതാണ്.

| ശേഷി | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാനൈപുണി | കഥ വായിക്കുന്നു / പദങ്ങൾ കണ്ടെത്തുന്നു / സ്വയം എഴുതുന്നു. വാക്യരചന / തലക്കെട്ട് നിർമ്മാണം / സംഭാഷണ രചന / ആസ്വാദനക്കുറിപ്പ് സ്വന്തം സർഗ്ഗസൃഷ്ടി | 4 മാസം (ഹ്രസ്വകാലം) | അതാത് ക്ലാസ് ടീച്ചർമാർക്ക് | — |
| കമ്പ്യൂട്ടർ പരിജ്ഞാനം | പദങ്ങൾ / വാക്യങ്ങൾ / സ്വന്തം സൃഷ്ടികൾ എന്നിവ തെറ്റുകൂടാതെ കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്യുന്നു. | 1-2 വർഷം (ദീർഘകാലം) | " | MP/MLA ഫണ്ട് |
| ജൈവവൈവിധ്യ ഉദ്യാനം | ഉദ്യാനം നിർമ്മിക്കുക / പച്ചക്കറിതോട്ടം നിർമ്മിക്കുക / പ്ലാസ്റ്റിക് വിമുക്തമാക്കുക | 1 വർഷം (ദീർഘകാലം) | PTA/ | പഞ്ചായത്ത് പൂർവ വിദ്യാർത്ഥികൾ, |
| ക്ലാസ് ലൈബ്രറി. | ക്ലാസിൽ ലൈബ്രറി സജ്ജീകരിക്കുക | 2 മാസം ഹ്രസ്വകാലം | അതാത് ക്ലാസ് ടീച്ചർമാർക്ക് | സ്കൂൾ |

## II ആരോഗ്യ കലാ കായിക പ്രവർത്തനം.

**ആമുഖം:**

പ്രകൃതി നിലനിൽക്കുന്നത് തന്നെ സന്തുലനത്തിലൂടെയാണ് ആ സന്തുലനത്തിന് പ്രകൃതി ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് വൈവിധ്യത്തെയാണ്. പ്രകൃതിയിലെ ഏറ്റവും പ്രധാന ആശയം വൈവിധ്യമാണ് പ്രകൃതിയുടെ നിലനിൽപ്പും അതിലൂടെയാണ് പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ മറ്റൊരു പ്രധാന ആശയമാണ് ജൈവവൈവിധ്യ ഉദ്യാനം.

**ലക്ഷ്യം:** വൈവിധ്യമാണ് വേണ്ടത് എന്ന ആശയം കുട്ടികളിലേക്ക് പകരേണ്ടതുണ്ട്. പഠനകാലത്ത് തന്നെ മണ്ണിലേയ്ക്കും കൃഷിയിലേക്കും എത്രകണ്ടിറങ്ങുന്നുവോ അത്രകണ്ട് കുട്ടിക്ക് ആധുനിക കൈവരിക്കാനും സാധിക്കും. കാർഷിക മേഖല തകർന്നുകൊണ്ടിരിക്കുന്ന ഈ വേളയിൽ പുതിയ തലമുറയുടെ മനസിലും കാർഷിക ആശയങ്ങൾ വളർത്തുക എന്നതാണ് നമ്മുടെ ഉദ്ദേശ്യം. 'ക്യാമ്പസ് തന്നെ ഒരു പാഠപുസ്തകം' എന്ന സങ്കൽപ്പത്തിൽ പ്രകൃതിയിലെ ഏറ്റവും പ്രധാനപ്പെട്ട ആശയം തന്നെ കുട്ടിയിൽ എത്തിക്കാനാകുന്നതാണ് ജൈവ വൈവിധ്യ ഉദ്യാനം.

- പ്രകൃതിയുമായി ഇണങ്ങി ജീവിക്കുവാനുള്ള അന്തരീക്ഷം വിദ്യാലയത്തിലൊരുക്കുക.
- കൃഷിയോട് ആഭിമുഖ്യം ഉണ്ടാക്കുക.
- പൊതുസമൂഹത്തെ ഉൾപ്പെടുത്തിക്കൊണ്ടുള്ള കൃഷി രീതി വികസിപ്പിക്കുക.
- വിദ്യാലയത്തിലെ കൃഷിയെ വീടുമായി ബന്ധിപ്പിക്കുക.
- പരിസ്ഥിതി സംരക്ഷണത്തിൽ വിദ്യാലയം സമൂഹത്തിന് മാതൃകയാവുക (പ്ലാസ്റ്റിക് നിർമാർജ്ജനം)
- ഹരിതകേരള സന്ദേശം പ്രാവർത്തികമാക്കുക.
- ജൈവ പച്ചക്കറിയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവത്കരിക്കുക
- പരിസ്ഥിതിക്കനുയോജ്യമായ വിധത്തിൽ ജീവിതം ചിട്ടപ്പെടുത്തുക
-

## പ്രവർത്തനങ്ങൾ:

1. ജൈവ വൈവിധ്യ ഉദ്യാനം ഒരുക്കുക.

(i) സ്കൂൾ പരിസരം വൃത്തിയാക്കുക.

(ii) പൂന്തോട്ടം നിർമിക്കുക.

(iii) ഫലവൃക്ഷങ്ങളും ഔഷധ സസ്യങ്ങളും നടുക.

(iv) പച്ചക്കറിത്തോട്ടം നിർമിക്കുക.

(v) സ്കൂൾ പരിസരം പ്ലാസ്റ്റിക് വിമുക്തമാക്കുക.

(vi) താമരക്കുളം നിർമിക്കുക.

III

## ക്ലാസ് ലൈബ്രറി

### ആമുഖം :-

വായന അറിവും ആവേശവും നൽകുന്ന പ്രക്രിയ ആണ്. വിദ്യാലയങ്ങളിൽ വെച്ചാണ് വായന വളരുന്നത്. പാഠപുസ്തകങ്ങൾക്കപ്പുറം വായനയുടെ തലം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്.

### ലക്ഷ്യങ്ങൾ :-

- മുഴുവൻ കുട്ടികളെയും വായനയിൽ താല്പര്യമുള്ളവരാക്കി മാറ്റുക.
- രക്ഷിതാക്കളെ വായനയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുക.
- വായനാപരിപോഷണത്തിന് സമൂഹത്തിന്റെ സഹായവും പിന്തുണയും ലഭ്യമാക്കുക.
- വായനയിൽ മികവു പുലർത്തുന്നവരെ അംഗീകരിക്കുക. (വായനാ മത്സരം)
- 'e'-വായനയുടെ സാധ്യതകൾ പരിചയപ്പെടുത്തുക.
- "എന്നും വായിക്കും....എപ്പോഴും വായിക്കും" - എന്ന നിലയിൽ കുട്ടികളെ എത്തിക്കുക.
- ക്ലാസ് പി.ടി.എ യോഗങ്ങളിൽ ഒരു വായനാപ്രവർത്തനമെങ്കിലും പരിചയപ്പെടുത്തുക.

## പ്രവർത്തനങ്ങൾ

വിദ്യാലയത്തിലെ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന പുസ്തകങ്ങളെ ഓരോ ക്ലാസിന്റെയും നിലവാരമനുസരിച്ച് ക്രമീകരിക്കുന്നു. ഓരോ ക്ലാസിലും ലൈബ്രറി സജ്ജമാക്കുന്നു. അതാത് ക്ലാസ് ടീച്ചർമാരുടെ നേതൃത്വത്തിൽ വായനക്ക് അവസരം ഒരുക്കുന്നു. ഇ-വായന പരിചയപ്പെടുത്തുന്നു. ക്ലാസ് പി.ടി.എ കൂടുമ്പോൾ കുട്ടികളുടെ വായനയിലൂടെ പ്രാവീണ്യം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു. മാസത്തിലൊരിക്കൽ വായനാമത്സരങ്ങൾ നടത്തുന്നു. പ്രോത്സാഹന സമ്മാനമായി പുസ്തകങ്ങൾ തന്നെ നൽകുന്നു.

വിദ്യാലയത്തിലെ ലൈബ്രറിയുടെ വികസനത്തിന് പൂർവ്വ വിദ്യാർത്ഥികൾ, പൂർവാധ്യാപകർ, രക്ഷിതാക്കൾ, പരിസരവാസികൾ എന്നിവരോട് സഹായം അഭ്യർത്ഥിക്കുന്നു.